(സി) ഇതിന് എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ വർഷം ഓണക്കാലത്ത് വിനോദസഞ്ചാര വാരാഘോഷം നടത്തുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

തൃപ്രയാർ ഒരു ടൂറിസ്റ്റ് സെൻറർ ആയി പ്രഖ്യാപിക്കാൻ നടപടി

1128 [2058] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ കേന്ദ്രസ്ഥാനമായ തൃപ്രയാർ ഒരു പ്രസിദ്ധ തീർത്ഥാടന കേന്ദ്രമെന്ന നിലയിലും ബീച്ചു പ്രദേശമെന്ന നിലയിലും ടൂറിസ്റ്റ് സെൻറർ ആയി പ്രഖ്യാപിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നും എന്നു വ്യക്തമാക്കാമോ;

(സി) തൃപ്രയാർ ഒരു ടൂറിസ്റ്റ് സെൻററാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഏഴാം പദ്ധതിക്കാലത്ത് ടൂറിസം വികസനപ്രവർത്തനങ്ങൾ ട്രാവൽ സർക്യൂട്ട് അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്രഗവൺമെൻറിന്റെ അംഗീകാരമുള്ള അത്തരം ട്രാവൽ സർക്യൂട്ടുകളിൽ തൃപ്രയാർ ഉൾപ്പെടുന്നില്ല. പരിമിതമായ വിഭവലഭ്യതയും ഏറ്റെടുക്കപ്പെട്ട മറ്റു പദ്ധതികളുടെ ബാഹുല്യവും നിമിത്തം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പിന് തൽക്കാലം നിവൃത്തിയില്ല. പുതിയ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പരിഗണിക്കാം.

മലമ്പുഴയിലെ ഗവൺമെൻറ് ഗസ്റ്റ്ഹൗസ് ജീവനക്കാരുടെ ക്വാർട്ടേഴ്സ്

1129 [2060] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴയിലെ ഗവൺമെൻറ് ഗസ്റ്റ്ഹൗസിലെ ജീവനക്കാർ തങ്ങൾക്കനുവദിച്ച ക്വാർട്ടേഴ്സുകൾ വാടകയ്ക്ക് കൊടുത്തിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly